# കേരളസർവകലാശാല

നം.പി.ആർ.78/2023

## പത്രക്കുറിപ്പ്

### അപേക്ഷ തീയതി നീട്ടി

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് 2023 –24 വർഷത്തെ പി.ജി, എം.ടെക് അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള. അവസാന തീയതി ഏപ്രിൽ 30 വരെ നീട്ടിയിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ. **(admissions.keralauniversity.ac.in/css2023)**

### കോളേജ് മാറ്റം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ ക്ലാസുകൾ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്കു രണ്ടാം സെമസ്റ്റർ കോളേജ് മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2023 ഏപ്രിൽ 28 ലേക്ക് നീട്ടിയിരുന്നു. അവസാന തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്

### പരീക്ഷാ തീയതി

കേരളസർവകലാശാലയുടെ അഞ്ചാം ബി.ടെക് (2008 സ്കീം) പരീക്ഷ 2023 മെയ് 3 നും ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷ 2023 മെയ് 16 നും ആരംഭിക്കുന്നതാണ് . വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല മൂന്നാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ് ജനുവരി 2023 പരീക്ഷയുടെ (റെഗുലർ 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി –2020 അഡ്മിഷൻ, സപ്ലിമെന്ററി 2018 – 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2013 – 2016 അഡ്മിഷൻ) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 27, 28 തീയതികളിൽ വിവിധ കോളേജിൽ വെച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി) മെയ് 2023 ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലെപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ് നടത്തുന്ന ഹ്രസ്വകാല സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലെപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്കു അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവകലാശാലകളിലെ ബിരുദം ആണ്. അടിസ്ഥാന യോഗ്യത ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ വൈകിട്ട് 4: 30 വരെയാണ് ക്ലാസ്സ് നടത്തപ്പെടുന്നത്. കോഴ്സിലേക്ക് ചേരാൻ ആഗ്രഹിക്കുന്നവർ കേരള യൂണിവേഴ്സിറ്റിയുടെ 49

(U) എന്ന മേജർ ഹെഡിൽ 3150 രൂപ. അടച്ച രസീതിനൊപ്പം അപേക്ഷിക്കാവുന്നതാണ്. കേരള യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ നിന്നോ സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ ഉള്ള സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്ങിൽ നിന്നോ അപേക്ഷ ഫോം ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ഡയറക്ടർ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ് സെനറ്റ് ഹൗസ്ക്യാമ്പസ് തിരുവനന്തപുരം - 34. എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി 02 മെയ് 2023.

തിരുവനന്തപുരം,
24.04.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**